## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6686 09/11/2016-ൽ മറുപടിക്ക്

### വനഭൂമി പരിസരത്ത് വൈദ്യുതി ലഭിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ഡി.പ്രസേനൻ** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | റിസർവ് ഫോറസ്റ്റ് ഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | റിസർവ് ഫോറസ്റ്റ് ഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട്-1980 പ്രകാരം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ആവശ്യമാണ്. ടി അനുമതി ആവശ്യമുള്ള സന്ദർഭങ്ങളിൽ വനം വകുപ്പിന് അപേക്ഷ നൽകും. |
| (ബി) | പതിറ്റാണ്ടുകളായി വനഭൂമി പരിസരത്ത് വീടുവെച്ച് താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് വനം വകുപ്പിന്റെ നിലപാട് മൂലം വൈദ്യുതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത അനുമതി ലഭിക്കാത്തതുമൂലം വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷയുടെ തീർപ്പിനായി വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൌരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് (off-grid) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഇത്തരത്തിലുള്ള കുടുംബങ്ങളെ വൈദ്യുതീകരിക്കാൻ ഈ സാമ്പത്തികവർഷം തന്നെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ